LIBRARY ARCHIVES Kerala Legislative Assembly

എഞ്ചിനീയർമാരുടെ തസ്തികകൾ സൃഷ്ടിക്കൽ

99(4109) ശ്രീ. എ. സി. മൊയ്തീൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പുതുതായി രൂപംകൊണ്ട കുന്നംകുളം താലൂക്കിലെ പൊതുമരാമത്ത് എഞ്ചിനീയറിംഗ് വിഭാഗത്തിൽ അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർമാരുടെ തസ്തികകളും (നിരത്ത്-കെട്ടിടം) അനുബന്ധ തസ്തികകളും സൃഷ്ടിച്ച് പുതിയ ഓഫീസ് ആരംഭിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ;

(ബി) തലപ്പിള്ളി താലൂക്ക് ഓഫീസുമായി ബന്ധപ്പെട്ടാണ് വകുപ്പിന്റെ എഞ്ചിനീയറിംഗ് പ്രവൃത്തികൾ ഇപ്പോഴും നടക്കുന്നത് എന്നതിനാൽ ജനങ്ങൾ പ്രയാസപ്പെടുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

(എ&ബി) പുതുതായി രൂപംകൊണ്ട കുന്നംകുളം താലൂക്കിലെ മരാമത്ത് പ്രവൃത്തികൾ തലപ്പിള്ളി താലൂക്ക് ഓഫീസുമായി ബന്ധപ്പെട്ടാണ് ഇപ്പോഴും നടക്കുന്നത് എന്ന കാര്യം ജനപ്രതിനിധികൾ ഉൾപ്പടെയുള്ളവർ ശ്രദ്ധയിൽപ്പെടുത്തിയതിന്റെ അടിസ്ഥാനത്തിൽ കുന്നംകുളം താലൂക്കിൽ പൊതുമരാമത്ത് വകുപ്പ് നിരത്ത്, കെട്ടിട വിഭാഗം അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർമാരുടെ കാര്യാലയങ്ങൾ രൂപീകരിക്കുന്ന കാര്യം പരിശോധിച്ച് റിപ്പോർട്ട് സമർപ്പിക്കാൻ പൊതുമരാമത്ത് വകുപ്പ് ചീഫ് എഞ്ചിനീയർക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്.

പൊതുമരാമത്ത് വകുപ്പിലെ സാങ്കേതിക തസ്തികകളിലെ ഒഴിവുകൾ

100(4110) ശ്രീ. എം. എം. മണി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പൊതുമരാമത്ത് വകുപ്പിലെ ചീഫ് എഞ്ചിനീയർ മുതൽ ഓവർസിയർ ഗ്രേഡ്-III (സിവിൽ വിഭാഗം) വരെയുള്ള തസ്തികകളിൽനിന്നും സൂപ്പർ ആനുവേഷൻ മുഖേന 2021 മേയ് മുതൽ 2024 ജൂൺ വരെ വിരമിക്കുന്നവരുടെ എണ്ണം മാസം തിരിച്ച് വ്യക്തമാക്കാമോ?